## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. 244

20-12-2012-ൽ
മറുപടിക്ക്

## കയർ വ്യവസായത്തിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കയർ വ്യവസായത്തിലെ പ്രതിസന്ധിയും തൊഴിലില്ലായ്മയും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | കൂലി കൂടുതലുള്ള മേഖലയിലേക്ക് തൊഴിലാളികൾ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കയർപിരി മേഖലയിലെ കൂലി 210 രൂപയായും കയർ ഉൽപ്പന്ന മേഖലയിലെ കൂലി 285 രൂപയായും വർദ്ധിപ്പിച്ച് തൊഴിലവസരങ്ങളും ഉൽപ്പാദനവും വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതുമൂലം നിർജ്ജീവാവസ്ഥ യിലുള്ള കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കു ന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | കയർ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം ഈ സർക്കാർ കയർ പിരി സംഘങ്ങൾ, ചെറുകിട ഉല്പാദക സംഘങ്ങൾ, ഡീഫൈബറിംഗ് സംഘങ്ങൾ എന്നിവയുടെ പ്രവർത്തന മൂലധനം 5 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും, കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കയർ സംഘങ്ങൾക്ക് 9.55 കോടി രൂപ പ്രവർത്തന മൂലധനമായി നൽകി. കൂടാതെ, അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ഈ സർക്കാർ 72 സംഘങ്ങൾക്ക് 1.68 കോടി രൂപ ഗ്രാന്റായി അനുവദിച്ചു. |
| (സി) തൊഴിലോ കൂലിയോ ലഭിക്കാതെ കഷ്ടപ്പെടുന്ന തൊഴിലാളി കളെ സഹായിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | സഹകരണ മേഖലയിൽ തൊഴിൽ ചെയ്യാൻ തയ്യാറായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും തൊഴിൽ ലഭിക്കുന്നതിനാവശ്യമായ ധനസഹായമാണ് സർക്കാർ നല്കിവരുന്നത്. ഇതിന്റെ ഭാഗമായി 9.55 കോടി രൂപ പ്രവർത്തന മൂലധന ഗ്രാന്റായി സംഘങ്ങൾക്ക് അനുവദിച്ചു. 72 സംഘങ്ങൾക്ക് 1.68 കോടി രൂപ അടിസ്ഥാന സൗകര്യ |

| | |
|---|---|
| | വികസനത്തിനായി അനുവദിച്ചു. സർക്കാർ നടപ്പാക്കിയ വരുമാന ഉറപ്പാക്കൽ പദ്ധതി പ്രകാരം 21,465 പേരാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം സർക്കാർ വിഹിതം തൊഴിലാളികൾക്ക് നൽകുന്നതിനായി 9.50 കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. കൂടുതൽ തൊഴിലും കൂലിയും നല്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ഡി) കയർ എക്സ്പോകൾ എത്രമാത്രം പ്രസ്തുത മേഖലയെ സഹായിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ? വിശദമാക്കാമോ? | പൊതുമേഖലാ സ്ഥാപനങ്ങളുടെയും, കയർഫെഡിന്റേയും കയറ്റുമതി 2009-10 ൽ 9.76 ലക്ഷം രൂപയും 2010-11-ൽ 61.53 ലക്ഷം രൂപയും ആയിരുന്നത് കയർ എക്സ്പോകൾ നടത്തിയതുമൂലം 2011-12-ൽ 77.93 ലക്ഷം രൂപയും 2012-13 ൽ ഇതുവരെ 269.63 ലക്ഷം രൂപയും ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കൂടാതെ, പ്രാഥമിക സംഘമായ സർവ്വോദയപുരം ചെറുകിട കയറുല്പാദക സഹകരണ സംഘം ലി.നം. എ-993 ന് തൻവർഷം 9 ലക്ഷം രൂപയ്ക്കുള്ള കയറ്റുമതി ഓർഡർ ലഭിച്ചു. 2010-11-ൽ 807 കോടി രൂപ കയറ്റുമതി ഉണ്ടായിരുന്ന സ്ഥാനത്ത് 2011-12 ൽ 1052 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

PD/fc2